പതിനാലാം കേരള നിയമസഭ

പതിനഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3004

18/06/2019-ൽ മറുപടിയ്ക്ക്

**വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ. പി** | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്ന പട്ടാമ്പി മണ്ഡലത്തിലെ നടുവട്ടം ജനതാ സ്കൂൾ, വാടനാംകുറിശ്ശി, കൊപ്പം, പട്ടാമ്പി എന്നീ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്കൂളുകളുടെ പ്രവർത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?<br><br>(ബി) മികവിന്റെ കേന്ദ്രങ്ങളാക്കുന്ന തിനായി ഇനിയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത സ്കൂളുകൾ ഉണ്ടങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; ഇത്തരം സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) & (ബി) കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ സംസ്ഥാനത്തെ 141 സ്കൂളുകളെയാണ് മികവിന്റെ കേന്ദ്രങ്ങളാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. ആയതിൽ പട്ടാമ്പി മണ്ഡലത്തിലെ ഗവൺമെന്റ് ജനതാ എച്ച്.എസ്.എസ് നടുവട്ടം സ്കൂളിനെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ബാക്കി 3 സ്കൂളുകൾ കിഫ്ബിയുടെ 3 കോടി ധനസഹായത്തോടെ ഭൗതിക സാഹചര്യ വികസനത്തിനാണ് തെരഞ്ഞെടുത്തത്. പ്രസ്തുത സ്കൂളുകളുടെ പ്രവർത്തികളുടെ നിലവിലെ സ്ഥിതി താഴെ പറയുന്നു.<br><br>1. നടുവട്ടം ഗവൺമെന്റ് ജനതാ എച്ച്.എസ് സ്കൂളിന്റെ ഫൗണ്ടേഷന്റെ നിർമ്മാണം നടന്നു വരുന്നു.<br><br>2. ജി.വി.എച്ച്.എസ്.എസ് വാടാനാംകുറിശ്ശി സ്കൂളിലെ രണ്ടു നിലയുടെ സ്ലാബ് അടക്കം വാർത്തു കഴിഞ്ഞു.<br><br>3. ജി.വി.എച്ച്.എസ് .എസ് കൊപ്പം സ്കൂളിലെ അക്കാഡമിക് ബ്ലോക്കിന്റെ ഫൗണ്ടേഷൻ പണികൾ പൂർത്തിയായി കഴിഞ്ഞു.<br><br>4. ജി.എച്ച്.എസ്.എസ് പട്ടാമ്പി സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ രണ്ടു പ്രാവശ്യം വിളിച്ചിട്ടും ആരും പങ്കെടുക്കാതിരുന്നതിനാൽ മൂന്നാംവട്ടവും ടെണ്ടർ വിളിച്ചിരിക്കുകയാണ്. |
| (സി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരുടെ വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) നടുവട്ടം ജനതാ സ്കൂൾ, കൊപ്പം സ്കൂൾ എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാർ എടുത്തിരിക്കുന്നത് RPP Infra Projects എന്ന കമ്പനിയാണ്. വാടാനാംകുറിശ്ശി സ്കൂൾ ഊരാളുങ്കൽ ലേബർ കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് കരാർ ഏറ്റെടുത്തിരിക്കുന്നത്. |

Namitha.J

**സെക്ഷൻ ഓഫീസർ**